# B V M H S S KALPARAMBA

B.V.M.H.S.S. KALPARAMBA

Knowledge is Power : Service is Divine

# ഉണർവ്



ആമുഖം

വിവരസാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് കുട്ടികളിലെ സർഗാത്മക വാസനകളെ ഉണർത്താനും പരിപോഷിപിക്കുന്നതിനും വേണ്ടിയാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത്.വിദ്യാർത്ഥികളിൽ സാഹിത്യപരമായ ചിന്തകൾ ഉണർത്താനും മറ്റുള്ളവരിലേക്ക് പകർത്തി നൽകുവാനും ഈ ഡിജിറ്റൽ മാഗസിൻ സഹായിക്കട്ടെ.കല സാഹിത്യ നാടൻകലാരൂപങ്ങളുടെയും നാടൻ പാട്ടിന്റെയും പഴംചൊല്ലുകളുടെയും കളരിപയറ്റിന്റെയും വള്ളം കളിയുടെയും വേരുറച്ച മണ്ണാണ് കേരളം.കുട്ടികളുടെ തനത് ശേഷികളും സർഗ വാസനകളും പരിപോഷിപ്പിക്കാൻ നടത്തുന്ന എളിയ ശ്രമങ്ങൾ എന്നും ശ്ലാഘനീയം തന്നെയാണ് മാഗസിനുമായി ബന്ധപ്പെട്ട പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.



**JENCY A.J**
**HEADMSTRESS**
**B.V.M. H.S.S KALPARAMBA**

# ഇതളുകൾ വിരിയുമ്പോൾ

സ്കൂൾ പ്രവർത്തനങ്ങൾ

1.മുക്തകങ്ങൾ – എയ്ഞ്ചൽ ജോബി

2.മാങ്ങ – ബിനീഷ

3. ആരോഗ്യത്തെക്കുറിച്ച് ഗാന്ധിജി

4. വേപ്പ് – ആര്യയും കറിയും

5.കുമാരനാശാൻ (ലേഖനം)

6.കടൽക്കര

7.തീ തേടുന്നവർ

8.പച്ചപ്പിൻ പാതയിലൂടെ

9.പ്രകൃതി നമ്മുടെ വരദാനം

10.കഥ – ശമ്പളം

11. പഴഞ്ചോല്ലുകൾ

12.മലയാളം കവിത – കുഞ്ഞുണ്ണി

13.കാളിദാസനും കൃതികളും

14. ദി ബ്ലാക്ക് ഷാഡോ

15.ശ്രീനാരായണഗുരു – ലേഖനം

16.ജനറൽ നോളേജ്

17.മഴത്തുള്ളി ഒരു പവിഴമുത്ത്

18.അവർ

19.കടങ്കഥകൾ

22.ഓണം അന്നും ഇന്നും

21.ചിന്തിപ്പിക്കുന്ന ചോദ്യോത്തരങ്ങൾ

# <u>2022 – 23 SSLC RESULT</u>

- തുടർച്ചയായി 100% വിജയം
- **<u>24 Full A+</u>**
- **10 - 9 A+**






## നേട്ടങ്ങൾ



- പൂമംഗലം പഞ്ചായത്ത് 2023 മികച്ച വിദ്യാർത്ഥി കർഷക :
  കുമാരി രുദ്ര രാജേഷ്



- ദേശീയ തല അബാക്കസ് പരീക്ഷയി
  രണ്ടാം റാങ്ക് അദ്വൈത കെ. എസ്.



- വിദ്യാരംഗം കലാ സാഹിത്യ വേദി ഉപജില്ലാതലം - ഒന്നാം സ്ഥാനം - അലീന സുധാകരൻ






- ഇരിങ്ങാലക്കുട ഉപജില്ലാ Numats ഒന്നാം സ്ഥാനം - Gladson


- ഉപജില്ലാ തല ശാസ്ത്ര-ഗണിത സാമൂഹ്യ ശാസ്ത്ര പ്രവൃത്തിപരിചയ മേളയിൽ ഉജ്ജ്വല പ്രകടനം

ശാസ്ത്രമേളയിൽ 82 സ്കൂളിൽ വച്ച് ഓവറോൾ മൂന്നാം സ്ഥാനം .

- പ്രവൃത്തി പരിചയമേളയിൽ HS വിഭാഗം 4 -ാം സ്ഥാനം UP വിഭാഗം 8-ാം സ്ഥാനം














## തുടർച്ചയായി മൂന്നാം വർഷവും മികച്ച അറബി സ്കൂൾ പുരസ്കാരം





# സബ് ജില്ല, റവന്യൂ ജില്ല അറബിക് കലോത്സവത്തിൽ HS, UP വിഭാഗങ്ങളിൽ തുടർച്ചയായി ഓവറോൾ

# കിരീടം



# മുക്തകങ്ങൾ

കവിത

പാടത്തിൻ കര നീളെ നീല  നിറമായ്
വേലിക്കൊരാഘോഷമായ്
ആടിത്തുങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടു നിൽക്കും വിധൗ
വാടാതേ വരികന്റെ കൈയിലധുനാ
പീയുഷഡംഭത്തെയും
ഭേദിച്ചൻപൊട്ടു കയ്യവല്ലി തരസാ
പെറ്റുള്ള പൈതങ്ങളെ

ചേലപ്പറമ്പു നമ്പൂതിരി

## മാങ്ങ


ഒരു പട്ടണത്തിൽ സുകുണനും രമണനും ഉണ്ടായിരുന്നു. അവർ രണ്ടു പേരും നല്ല കുട്ടുക്കാരായിരുന്നു. അവർ പോകുന്ന വഴിയിൽ ഒരു മാവ് കണ്ടു. അതിൽ നിറയെ മാങ്ങകൾ ഉണ്ടായിരുന്നു. അതു കണ്ട സുകുണനും രമണനും കൊതി അയി. ആരും കാണാതെ മാവിൽ കയറി സുകുണൻ. അറിയതെ കാൽ തെന്നി താഴെ വീണു. പിന്നെ രെമണനും കയറി. രമണനും വീണു. എന്നിട്ട് രണ്ടു പേരും മാവിൽ നോക്കി വിഷമിച്ച് പറഞ്ഞു. പച്ച മാങ്ങയ്ക്ക് പുളിയാണ്. പഴുത്ത മാങ്ങയ്ക്ക് മധുരം. ഇതിൽ പച്ച മാങ്ങ മാത്രം ഉള്ളു. അങ്ങനെ അവർ തിരിച്ചു പോയി.

...THE END...

# ആരോഗ്യത്തെക്കുറിച്ച് ഗാന്ധിജി

ശുദ്ധമായതു ചിന്തിക്കുകയും അശുദ്ധവും അലസവുമായത് ഉപേക്ഷിക്കുകയും ചെയ്യുക,രാപ്പകൽ ശുദ്ധവായു ശ്വസിക്കുക,നിവർന്നു നിൽക്കുകനിവർന്ന് ഇരിക്കുക. ഓരോ പ്രവർത്തിയിലും ശുദ്ധിയും വൃത്തിയും പാലിക്കുക.ഇവയെല്ലാം നിങ്ങളുടെ മാനസികാവസ്ഥയുടെ പ്രതിഫലനമായിരിക്കട്ടെ.

ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങിൽ സതുലിതാവസ്ഥ കൈവരുത്തുക. സഹജീവികളുടെ സേവനാർഥം ജീവിക്കുന്നതിനുവേണ്ടി മാത്രം ഭക്ഷിക്കുക.ജീവിതം ഒരിക്കലും ആസക്തികളെ തൃപ്തിപ്പെടുത്താൻ വേണ്ടിയാവരുത്. അതുകൊണ്ട് ,ശരാരത്തിന്റെയും മനസ്സിന്റെയും ശരിയായ ക്രമം നിലനിർത്തുവാൻ വേണ്ട ഭക്ഷണം മാത്രം കഴിക്കുക.മനുഷ്യൻ എന്തു കഴിക്കുന്നുവോ അതുപോലെ ആയിത്തീരും .നിങ്ങളും വായു,ഭക്ഷണം,ജലം ഇവയും ശുദ്ധമായിരിക്കണം . വ്യക്തിപരമായ ശുചിത്വം കൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽ പോരാ.ന്ങ്ങൾക്കുണ്ടാവണമെന്നാഗ്രഹിക്കുന്ന അതേ ശുചിത്വം ചുറ്റുപാടുകളിലേക്കും വ്യാപിക്കണം.



# വേപ്പ്
## ആര്യയും കറിയും

കാലത്ത് ദേഹമാസകലം എണ്ണ തേച്ച് പിടിപ്പിക്കുന്ന വലിയമ്മാവനെ നോക്കി രവിക്കുട്ടൻ അടുത്തിരുന്നു. അമ്മാവൻ ചോദ്ദിച്ചു.

" എന്താ കുട്ടാ നിനക്കും മേലാസകലം എണ്ണതേച്ച് പിടിപ്പിക്കണോ?"

അവൻ വേണ്ടെന്നു തലയാട്ടി. പകരം അവനൊരു ചോദ്യം.

"വലിയമ്മാവാ എന്ത് എണ്ണയാണിങ്ങനെ വിസ്തരിച്ചു തേക്കണത് ?"

"ങാ.... അതാണ് നിംബാമൃതാദി തൈലം. നിനക്ക് നോക്കണോ ?"

വലിയമ്മാവൻ വിരൽ രവിക്കുട്ടന്റെ മൂക്കിനു തൊട്ടു. അവൻ മുഖം തിരിച്ചു. തൈലത്തിന്റെ വാസന അവനിഷ്ടമായി.

"എന്താ വലിയമ്മാമേ നിംബാ എന്നു പറഞ്ഞാൽ?"

"നിംബം എന്നു വെച്ചാൽ വേപ്പ്. ആര്യവേപ്പ്.കൈക്കുന്ന വേപ്പ്. അതിന്റെ തൊലിയും ചിറ്റമൃത് എന്ന വള്ളിയുടെ തട്ടും പിന്നെ ചില പച്ചമരുന്നുകളും ചെർത്ത് എള്ളെണ്ണെയിൽ കാച്ചിക്കുറുക്കിയതാണ്. നിംബമൃതാദി തൈലം. വാതം ത്വക്ക് രോഗങ്ങൾക്കും ഉത്തമമാണ് ".

"കരിവേപ്പിന്റെ തൈലമുണ്ടോ ?"

"തൈലമുണ്ടാവും. അത് നിംബാമൃതാദി ആവില്ലല്ലോ.കൈയ്ക്കുന്ന വേപ്പും കറിവേപ്പും രണ്ടും രണ്ടാണ്. കറിവേപ്പില കറികളിൽ ചേർക്കാനുള്ളതാണ്. ചില ഔഷത ഗുണവുമുണ്ട് വേപ്പിന്."

"കറികളിൽ കറിവേപ്പില ഇട്ട് കുറച്ചു കഴിഞ്ഞാൽ അതിനെ ഊറ്റിയെടുത്ത് അകലെ കളയുന്നു. ഇത് ശരിയല്ല. കറിവേപ്പില കടിച്ച് ചവച്ചരച്ച് തിന്നണം.വയറിനും തൊണ്ടക്കും ഉണ്ടാകുന്ന അസുഖങ്ങൾ മാറ്റും. പിന്നെ കറിവേപ്പില ഇട്ട് കാച്ചിയ എണ്ണ അണുബാധ ഒഴിക്കും. തേക്കാനും ശരീരത്തിൽ പുരട്ടാനും നന്ന് .

"വേപ്പെണ്ണ എന്ന് പറയുന്നത് ?"

വലിയമ്മാവൻ പറഞ്ഞു.

"അത് കൈക്കുന്ന വേപ്പാണ്.വേപ്പ് കൈക്കുന്ന വേപ്പും കറിവേപ്പും വേറെവേറെയാണ്

എന്നു പറഞ്ഞുവല്ലോ. കൈക്കുന്ന വേപ്പിനു ആര്യവേപ്പെന്നു പറയും. ഇത് കൂടുതൽ വലിയ മരവും ഉറപ്പുള്ളതുമാണ്.കൂടുതൽ ഔഷതവീര്യവുമുണ്ട്. വേപ്പിൻ കുരു ആട്ടിയെടുത്ത വേപ്പെണ്ണ വാതത്തിനു പുരട്ടാം.വേപ്പിൻ പിണ്ണാക്ക് തെങ്ങിനു വളമിടാം."

"നീ ഭദ്രകാളി എന്നു കേട്ടിട്ടുണ്ടോ?"

"മുക്കാരഞ്ഞിക്കാവ് ക്ഷേത്രത്തിലെ പ്രതിഷ്ഠ ഭദ്രക്കാളിയാണെന്ന് കേട്ടിട്ടുണ്ട്."

"അതെ. സാക്ഷാൽ ഭദ്രക്കാളി. പണ്ട് ദാരികൻ എന്ന ഒരസുരൻ ഉണ്ടായിരുന്നു. അവൻ ലോകം കീഴടക്കാൻ ആഗ്രഹിച്ചു. പരമശിവനെ തപസ്സുചെയ്തു. ഭൂമിയിൽ ആണായിപ്പിറന്ന ഒരാൾക്കും തന്നെ കൊല്ലാനാവില്ല എന്ന വരം വാങ്ങി."

പതിനായിരം ആനകളുടെ ശക്തി നേടി.ദേവന്മാരെയും മനുഷ്യരേയും കണ്ടമാനം ദ്രോഹിച്ചു. സന്യാസിമാരെ ആട്ടിയോടിച്ചു.ദേവകളും മനഷ്യരേയും പരമശിവനെ കണ്ട് സങ്കടമുണർത്തിച്ചു. പരമശിവൻ തന്റെ ജട നിലത്തടിച്ചു ജടയിൽനിന്നു തീപ്പൊരി ചിതറി.ഒരു തീപ്പൊരി ജടയും. കോംബല്ലും നാലു കൈകളുമുള്ള സ്ത്രീരൂപമായി മാറി.

അതാണ് ഭദ്രകാളി.

"ദാരികനും കാളിയുമായി ഗംഭീരയുദ്ധം നടന്നു. ഒരു ത്രിസന്ധ്യ നേരത്ത് ഭദ്രകാളി ദാരികനെ കൊന്നു. തലയറത്തപ്പോൾ ദുഷ്ടന്റെ രക്തം ചിതറിത്തെറിച്ചു.ആ രക്തമണമുള്ള കാറ്റ് മനുഷ്യരുടെയും മൃഗങ്ങളുടെയും ദേഹത്ത് വസൂരിരോഗമായി പൊന്തി.വേദനയുള്ള കുരുക്കളായി പൊട്ടിയൊലിച്ചു.വസൂരി പിശാചിന്റെ രോഗമാണെന്നു കരുതി ദേവന്മാരും മനുഷ്യരും സ്തുതിച്ച് ഭദ്രകാളിയെ വീണ്ടും പ്രത്യക്ഷപ്പെടുത്തി. ഭദ്രകാളി എല്ലാകുരുക്കളും പറിച്ചെടുത്തു ഒരു മാലയായി കഴുത്തിലിട്ടു."

ദുർഗ്ഗ വസൂരിമാലയായി.

ആര്യ ആരോകത്തിനും കറി രുചിയും നൽകികൊണ്ട്.

# കുമാരനാശാൻ ലേഖനം

1873 ൽ തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽജനിച്ചു.
വിദ്യാഭ്യാസശേഷം സംസ്കൃത സാഹിത്യത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും അറിവുനേടി. 1891 ൽ സമൂഹിക പരിഷ്കർത്താവായ ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം സ്വികരിച്ചു.കുറച്ചുകാലം ആധ്യാത്മിക ജീവിതം നയിച്ചു. മലയാള കവിതാചരിത്രത്തിൽ കാലപനികതയ്ക്ക് തുടക്കം കുറിച്ച ആശാൻ നിരവധി സ്നേഹ കാവ്യങ്ങളെഴുതി സ്നേഹഗായകനായിഅറിയപ്പെട്ടു. മഹാകാവ്യമെഴുതാതെ മഹാകവിയായി.1924 ജനുരിയിൽപല്ലനയാറ്റിൽവെച്ചുണ്ടയാ ഒരു ബോട്ടപകടത്തിൽ ആ മഹാനുഭാവാൻ മരണമടഞ്ഞു.വീണപൂവ്,ഒരുസിംഹ പ്രസവം,നാളിനിഗ്രാമവൃക്ഷത്തിലെ കുയിൽ,ലീല.ചണ്ഡാലഭിക്ഷുകി,ദുരവസ്ഥ,ചിന്താവിഷ്ടയായസീത,കാരുണ (ഖണ്ഡകാവ്യങ്ങൾ)മണിമാല,വനമാല,പുഷ്പവാടി(കവിതാസമാഹരം),പ്രരോദനം (വിലാപകാവ്യം)ശ്രീബുദ്ധചരിതം,ബാല രാമായണംസൗന്ദര്യലഹരി(തർജമ).ശങ്കരശതകം സുബ്രണ്യശതകം തുങ്ങിയവയാണ് പ്രധാന ക്രതികൾ

# കടൽക്കര

കരയും, കടലും, ആകാശവും ഒന്നിക്കുന്നിടമാണ് കടൽക്കര. ഒരുതരം "ത്രിശങ്കു". കടൽതീരത്തിന് സ്ഥിരമായി ഒരു രൂപമില്ല. കരയിലേയും കടലിലേയും അന്തരീക്ഷത്തിലേയും മാറ്റങ്ങൾക്കൊപ്പിച്ച് പ്രകൃതം മാറും. ഇതൊരു ദോഷമല്ല; ഗുണമാണ്. കരയെ കടലിൽ നിന്ന് സംരക്ഷിക്കുന്നതാണ് കടൽത്തീരത്തിന്റ കടമ. മലയുടെ ധർമ്മം അനങ്ങാതെ നിൽപല്ലേ; പുഴയുടേത് നിലയ്ക്കാത്ത ഒഴുക്കും. മലയിളകിയാലും പുഴ ഒഴുകാഞ്ഞാലും കഥമാറും. മലുടെ ധർമവും പുഴയുടെ ധർമവും കടൽക്കരയിൽ ഒന്നിക്കുന്നു.കടലിളകിയാൽ കടൽത്തീരം ആദ്യം ചെറുത്തു നിൽക്കും; ഏറെ ആയാൽ തെന്നിമാറും; സ്വയം നശിച്ചാലും കരയിൽ കടൽകേറാതെ രക്ഷിക്കും.

ഒരുവശത്തെ കടപ്പുറം കടൽതിന്നുപോകുമ്പോൾ മറ്റൊരു കടപ്പുറം ഉയർന്നുവരും. പൂഴിമണ്ണു മാറി കക്കയും കട്ടയും വന്നടിയും; മറിച്ചും.ഇത് പ്രകൃതിയുടെ സമതുലനമാണ്. ഓരോ തീരഭാഗത്തിനും തനതായ സ്വഭാവമുണ്ട്. കടപ്പുറത്തെ മണ്ണിന്റെ പരുവം, കട്ടകളുടെ വലുപ്പം, കക്കകളുടെ രൂപം, ജീവികളുടെ തരം, തീരത്തിന്റെ മൊത്തം സ്വഭാവം ഇവയെ എല്ലാം നിയന്ത്രിക്കുന്നത് കടലും കരയും അന്തരീക്ഷവും ഒന്നിച്ചാണ്. തിരയടി താങ്ങാനാവാത്ത തീരം ഇടിഞ്ഞുതാഴുന്നു .ഒഴുക്കും തിരയും കൂടുതലുള്ള സ്ഥലങ്ങളിൽ പാറകൾ മാത്രം ബാക്കിയാവുന്നു. ശാന്തമായ പ്രദേശങ്ങളിൽ മണ്ണുവന്നടിയുന്നു.

നാം കാണുന്നതുപകഷ , തിരയും തീരവും മാത്രം.

# തീ തേടുന്നവർ

ഒരു തോരാത മഴകാലം.
ഒരാൾ അർദ്ധരാത്രി അടുത്ത വീട്ടിൽ ചെന്നു മുട്ടി വിളിച്ചു.
ഉറക്കത്തിലായിരുന്ന വിട്ടുകാരൻ  വന്നു ചോദിച്ചു എന്താ ഈ പാതിരാത്രിക്ക്? എ്തുവേണം? നല്ല മഴ വല്ലാതെ തണുക്കുന്നു എനിക്കു തീകായാൻ അൽപ്പം തീ തരുമോ? അയൽക്കാരൻ അത്ഭുതത്തോടെ അയാളെ നോക്കി. നിങ്ങളുടെ കയ്യിൽ കത്തികൊണ്ടിരിക്കുന്ന ഈ
വിളക്കിൽ നിന്ന് അൽപ്പം തീ കൊളുത്തിയെടുത്താൽ പ്പോരേ?
എന്തിനാ പിന്നെ
ഈ രാത്രി ഇവിടെ വന്ന് ഞങ്ങളെ ഉണർത്തിയത് ?
അയൽക്കാരൻെറ ചോദ്യ0 കേട്ടപ്പോഴാണ് തൻെറ കയ്യിൽ വിളക്കുണ്ടെന്നും അതിൽ കതിജ്ജ്വലിക്കുന്നതും അഗ്നിയാണെന്നും അയാൾ ഓർക്കുന്നത്. ഇതു പോലെയാണ് നമ്മൾ ഈശ്വരനെ അന്വേഷിക്കുന്നത്. ആ മഹാശക്തി തോടുന്നവരുടെ ഉള്ളിൽത്തന്നെയുണ്ട്.

# പച്ചപ്പിൻ പാതയിലൂടെ

## കവിത

പച്ചപുതച്ചൊരു ഭൂമിതൻ പുൽ
നാമ്പുകളിൽ പട്ടുവർണങ്ങൾ
വിരിച്ചിട്ടു ജീവികൾ
കാലങ്ങളെത്രയും കൊഴിഞ്ഞുപോകുമ്പോഴും
വേർപിരിയുന്നുവോ നാം ഭൂമിയെ
വെട്ടി പിളർക്കുന്നുവോ ഈ ചൈതന്യത്തെ
വീണുപിറന്നൊരു മണ്ണിന്റെ മക്കളായ്
വീണ്ടുമൊരു പുനർജന്മം കിട്ടുമോ ഈ മണ്ണിൽ
മനുഷ്യന്റെ കൈകൾ വിറച്ചിട്ടുമെന്നെന്നും
ഒന്നു സ്പർശിക്കാൻ പോലും കഴിയാതെ,ഭൂമിയെ
സ്പർശിക്കാൻ പോലും കഴിയാതെ
പശ്ചാത്തപിക്കുന്നുവാരോ മനുഷ്യനും
ഭൂമിയെവെട്ടിപിളർന്നതിൽ കരയുന്നുവോ
കാത്തു സംരക്ഷിക്കാൻനൊന്നിച്ചാം നമ്മൾ
കാവൽക്കാരായ് ഭൂമിക്കു കുടയാകാം
പച്ചപ്പിൻ പാതകൾ വിരിക്കാം നമുക്കിനി
പവിത്രമാം ഭൂമിയിൽ എന്നെന്നും(2)

# പ്രകൃതി നമ്മുടെ വരദാനം

പ്രകൃതി നമ്മുടെ അമ്മയാണ്.നമ്മുക്ക് എല്ലാം തരുന്ന നമ്മുടെ അമ്മ.എല്ലാവരെയും സ്നേഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നമ്മുടെ അമ്മ.എത്രയോ തലമുറകൾ ഈ അമ്മയുടെ മടിത്തട്ടൽ പിറന്നുവിണ് മൺമറഞ്ഞു.എത്രയോ തലമുറകൾ ഇനിയും ഈ ഭൂമിയുടെ മടിത്തട്ടിൽ വളരേണ്ടതാണ്.

ഈ പ്രകൃതിയിൽ ജന്മമെടുക്കുന്ന സകല ജീവജാലങ്ങളും ഈ ഭൂമിയുടെ അവകശികളാണ്.ഉറുമ്പും ഈച്ചയും പാറ്റയും പറവയും എല്ലാം ഈ ഭൂമിയുടെ അവകാശികളാണ്.മനുഷ്യനെപ്പോലെ തന്നെ അവയ്ക്കും ഈ ഭൂമിയിൽ ജീവിക്കാനുള്ള സാഹചര്യം പ്രകൃതി ഒരുക്കിയിട്ടുണ്ട.എല്ലാ ജീവികളും ഒരു വിധത്തില്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രകൃതിയുമായി പരസ്പര ബന്ധപ്പെട്ടിരിക്കുന്നു.

ചില ജീവികൾ മറ്റു ജീവികൾക്ക് ഭക്ഷണമായിത്തിരുന്നു.അതും പ്രകൃതി നിയമമാണ്.ഭൂമിയിൽ യജ്ഞം നടത്തുന്നതിന് പ്രകൃതി വസ്തുക്കളെആശ്രയിക്കുന്നു. യാഗത്തിന്റെ ഫലമായുമണ്ടായ പുക കാർമേഘമായി രൂപാന്തരപ്പെടുന്നു.കാർമേഘം ഘനിഭവിച്ച് മഴയായി ഭൂമിയിൽ പതിക്കുന്നു മഴയുടെ ഫലമായി പ്രകൃതിദത്തമായ സസ്യങ്ങളും മറ്റു ജീവികളും വളരുന്നു.അവ വീണ്ടും ഹോമിക്കപ്പെടുന്നു.ഇവ ഒരു ശൃംഖലയായി രുപപ്പെട്ടിരിക്കുന്നു.

ഇന്ന് പ്രകൃതി വളരെയധികം ഭിഷണിനേരിട്ടുകൊണ്ടിരിക്കുന്നു. കൃഷിഭൂമികൾ മണ്ണിട്ട് നികത്തി,നദികളിൽ നിന്നും മണൽ വരുകയും കുന്നുകൾ ഇടിച്ചു നിരത്തുകയും അവിടെ ഫാക്ടറകളും ഫ്ലാറ്റുകളും മറ്റും നിർമ്മിക്കുകയും ചെയ്യുന്നു. ഇവയെല്ലാം പ്രകൃതിയെ പലവിധത്തിലും മലിനമാക്കുകയും നാശത്തിനു വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്ലാസറ്റികിന്റെ അമിതമായ ഉപയോഗം ജീവരാശികളെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു.പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു. ഈ സത്യം നാം എന്തായാലും മനസിലാക്കേണ്ടതുണ്ട്.

പ്രകൃതി സംരക്ഷണത്തിലൂടെ മാത്രമേ നമ്മുക്ക് പ്രകൃതിയോടുള്ള സ്നേഹം വ്യക്തമാക്കുവാൻ കഴിയൂം.പ്രകൃതിയെ വേണ്ടവിധം സംരക്ഷിച്ച് ഒരു ജീവിയേയും നശിപ്പിക്കാതെ നോക്കണം.പ്രകൃതിരമണീയമാക്കുവാൻ നാം മരങ്ങൾ വെച്ചുപിടിക്കണം.ഇതിനൊക്കെ പ്രതിവിധിയായി നാം സ്വീകരിക്കേണ്ടതും പ്രാനർത്തികമാക്കണ്ടതും പ്രകൃതി സ്നേഹവും പ്രകൃതി സംരക്ഷണവുമാണ്.അത് നമ്മുടെ ഓരോരുത്തരുടെയും കടമലാണ്.

കഥ

# ശമ്പളം

ഒരു ദിവസം കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ഫാക്ടറിയിലൂടെ പോയപ്പോൾ ഒരു ചെറുപ്പക്കാരൻ അവിടെ ഒരാളുമായി സംസാരിച്ച് നിൽക്കുകയായിരുന്നു. അപ്പോൾ അവിടത്തെ മാനേജിംഗ് ഡയറക്ടർ അത് കണ്ടു. അദ്ദേഹം അവന്റെ അടുത്ത് ചെന്നു ചോദിച്ചു."നിന്റെ ശമ്പളം എത്ര രൂപയാണ്?" പെട്ടെന്നുള്ള ചോദ്യം കേട്ട് അയാൾ അത്ഭുതപ്പെട്ടു. കുറെ ചോദിച്ചു അയാൾ പറഞ്ഞില്ല അങ്ങനെകുറെ ചോദിച്ചു. സഹികെട്ട് അയാൾപറഞ്ഞു "5000രൂപ" എന്ന്. "എന്താണ് സാർ പ്രശ്നം?" മറുപടി പറയാതെ മാനേജിംഗ് ഡയറക്ടർ തൻ്റെപേഴ്സ് തുറന്ന് 15000 രൂപ അയാൾക്കു കൊടുത്തുകൊണ്ട് ദേഷ്യത്തോടെ മാനേജിംഗ് ഡയറക്ടർ പറഞ്ഞു "ഇവിടെയുള്ളവർക്ക് പണി ചെയ്യാനാണ് ഞാൻ ശമ്പളം കൊടുക്കുന്നത്. അല്ലാതെ വെറുതെ ഇരിക്കാനല്ല. ഇതാ മൂന്നുമാസത്തെ നിൻ്റെ ശമ്പളം. നിന്നെ ജോലിയിൽ നിന്ന് പിരിച്ചു വിട്ടിരിക്കുന്നു. ഗെറ്റ് ഔട്ട്". ചെറുപ്പക്കാരൻ പണം വാങ്ങി സ്ഥലം വിട്ടു. ചുറ്റും നിന്ന ജോലിക്കാരോട് അദ്ദെഹം കടുത്തസ്വരത്തിൽ പറഞ്ഞു, "ഇത് എല്ലാവർക്കും ബാധകമാണെന്ന് ഓർത്തോളണം". അടുത്തു നിന്ന പയ്യനോട് മാനേജിംഗ് ഡയറക്ടർ ചോദിച്ചു "ആ പയ്യൻ ഏതു സെക്ഷനിലണ് ജോലി ചെയ്യുന്നത്?" അപ്പോൾ അയാൾ പറഞ്ഞു "സാർ അത് കൊറിയർ കൊണ്ടു വന്ന പയ്യനായിരുന്നു. ഇവിടെ നിന്ന് അയ്ക്കാനുള്ള കത്തുകൾക്കുവേണ്ടി കാത്തു നിൽക്കുകയായിരുന്നു അവൻ".

.....

# പഴഞ്ചൊല്ലുകൾ

## കൃഷിച്ചൊല്ലുകൾ

പറിച്ചുനട്ടാലേ കരഞ്ഞുകൂട്ടു
അതിവിളവിന് അരി അങ്ങാടിയിൽ
ഇനം ഇനത്തെക്കാക്കും വേലിവിളവു കാക്കും
ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന് മുളച്ച തകര
ഉഴുന്ന കാള വിത്തറിയേണ്ട
കച്ചി കെട്ടാനുള്ള കയറ് കച്ചിയിൽ ത്തന്നെയുണ്ട്
കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്നാ
കതിരിന്മേൽ വളം വയ്ക്കരുത്
നെല്ലറ പൊന്നറ
ഞാറ്റുറച്ചാൽ ചോറ്റുറച്ചു

## മഴച്ചൊല്ലുകൾ

അന്തിക്കുവന്ന മഴയും വിരുന്നും അന്നുപോകില്ല
ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി
മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
തുലാപ്പത്തു കഴിഞ്ഞാൽ പിലാപ്പൊത്തിലും കിടക്കാം
കുംഭത്തിൽ മഴ പെയ്താൽ കുപ്പേലും മാണിക്യം
മഴ നിന്നാലും മരം പെയ്യും
മീനത്തിൽ മഴപെയ്താൽ മീനിനും ഇരയില്ല

തേന്മാറും മലയാളം
അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ  മലയാളം
മലായാളമെന്ന നാലക്ഷരമല്ല
അമ്മ എന്ന ഒറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണന്റെ –
മലയാളം

കുഞ്ഞുണ്ണി

# കാളിദാസനും കൃതികളും

സംസ്കൃത ഭാഷയിൽ പല വിശിഷ്ട കൃതികളും രചിച്ച മഹാകവി.ഇദ്ദേഹത്തിന്റെ ജനനകാലം കൃത്യമായി കണ്ടെത്തിയിട്ടില്ല ബി.സി ഒന്നാം ശതകമെന്ന് ചിലർ മാദിക്കുമ്പോൾ,മറ്റ ചിലർ എ.ഡി 11-ാം ശതകത്തിലണെന്ന് പറയുന്നു.രണ്ടുകാല ദശങ്ങൾക്കും മദ്ധ്യേയുള്ള എ.ഡി 3-ാം ശതകത്തിലാണെന്ന് പശ്ഛാത്യ നിരൂപകനായ ലേസറും എ.ഡി 5-ാം ശതകത്തിലാന്ന് പണ്ഡിതനായ കെ.ജീ പാംകം 6-ാം ശതകത്തിലാന്ന് മുള്ളൻ,ഫെർഗ്ഗസർ എന്നി പര്മുഖരായ പാശ്ഛാത്യ ഗവേഷകരും അഭിപ്രായപ്പെടുന്നു.

വിക്രമാദിത്യ രാജാവിന്റെ സദസിലെ നവരത് നങ്ങളിൽ ഒരാളായിരുന്ന കാളിദാസനെ പരാമർശിക്കുന്ന ഒരു ശ്ലോകമുണ്ട്.വിക്രമാദിത്യ എ.ഡി 5ശതകത്തിലാണ് ജീവിച്ചിരുന്നത്.എന്നാൽ മാളിവവംശളുമനായ മഹേന്ദ്രാദിതിന്റെ പുത്രൻ വിക്രമാദിത്യമഹാരാജാവാണ് കാളിദാസന്റെ പുരസ് കർത്താവ് എന്ന വാദഗതിയുടെ അടിസ്ഥനത്തിൽ ബി.സി ഒന്നാം ശതകത്തിലാണകാളിദാസൻ ജീവിച്ചിരുന്നതെന്ന് പറയപ്പെടുന്നു. കാളിദാസന്റെ കാലത്തെപ്പെറ്റി പല പണ്ഡിതൻമാരും ഉന്നയിച്ചിട്ടുള്ള അസന്തുലിത മാദങ്ങളെ അപേക്ഷിച്ച് ബി.സി ഒന്നാം ശതകത്തിൽ കാളിദാസന്റെ കാലമെന്നതാണ് കുടുതൽ അംഗികരിച്ചിട്ടുള്ളത്.


കാളിദാസന്റെ കുടുബത്തെകുറിച്ചു. കാര്യമായി വിവരങ്ങൾ ഇല്ല. കാശ്മിരാണെന്നും ബംഗാളാണെന്നും സിംഹളദേശമാണെന്നും വരെ വാദിക്കുന്നവരുമുണ്ട്.എന്നാൽ മാളവയാണ് ജന്മദേശമാന്ന് സംസ്കൃത കവി ദർപ്പണം എന്ന ഗ്രന്ഥത്തിൽ പറയപ്പെടുന്നതാണ് ഏറെ സ്വീകാര്യമായി കാണുന്നത്.കാളിയുടെ ദാസനയി തീർന്ന ഈ കവിയുടെ ഐതിഹ്യകഥകൾ പ്രസിദ്ധമാണ്. ഋതു സംഹാരം,കുമാരസംഭവം,രഘുവംശം,മേഘദൂതം എന്നീ കാവ്യങ്ങളും, മാളമികാനിമിത്രം,വിക്രമോർവശീയം,അഭിജ്ഞാനശാകുന്തളം,എന്നി നാടകങ്ങളുമാണ് കാളിദാസന്റെ പ്രധാനകൃതികൾ.


CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
Aliya M. S
അറബി പദ്യം ചൊല്ലൽ
FIRST A GRADE
B. V. M. H. S. S. KALPARAMBA


CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
FIRST A GRADE
Hannath C. H
Arabi
Kadhaprasamgam
B. V. M. H. S. S. KALPARAMBA


CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
FIRST A GRADE
Ameera Parveen
Musara
B. V. M. H. S. S. KALPARAMBA



CONGRATULATIO
FIRST A GRADE
Ayisha Nesli
Vivarthanam


CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
FIRST A GRADE
Hadhiya C. M
Arabic
Sambhashanam
B. V. M. H. S. S. KALPARAMBA


CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
FIRST A GRADE
Nasriya. N. S
Arabic
Monoact
B. V. M. H. S. S. KALPARAMBA



CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
First A GRADE
Arabic
Sangha Ganam H. S
B. V. M. H. S. S. KALPARAMBA



CONGRATULATIONS
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
FIRST A GRADE
Mubashira P. A
Arabic
Padhappayatt
B. V. M. H. S. S. KALPARAMBA


കേരള സ്കൂൾ
കലോത്സവം
ബി. വി. എം ന്റെ
അഭിമാനതാരം
ഹൈ സ്കൂൾ
വിഭാഗം അറബി


കേരള സ്കൂൾ
കലോത്സവം
ഡിസംബർ 6,7,8,9
B. V. M.H. S. S. KALPARAMBA
Hadiya C. M.
അഭിനന്ദനങ്ങൾ
അറബി പ്രസംഗം


കേരള സ്കൂൾ
കലോത്സവം
ഡിസംബർ 6,7,8,9
B. V. M.H. S. S. KALPARAMBA
Hadiya C. M. & Mariyam P. I
അഭിനന്ദനങ്ങൾ
A GRADE


കേരള സ്കൂൾ
B. V. M.H. S. S. KA
Ameera Parveen


തിളക്കത്തോടെ സംസ്കൃതം
സബ് ജില്ലതല
സംസ്കൃതോത്സവത്തിൽ UP ,HS 3rd
ഓവറോൾ കിരീടം
BVM HS KALPARAMBA
MARIYA JOSEPH
HS സംസ്കൃതം പ്രഭാഷണം
A Grade
ARYANANDHA A S
A GRADE
ALAN V S
HS സംസ്കൃതം അഷ്ടപദി
SECOND A Grade
DEVANANDHA T P
HS സംസ്കൃതം ചമ്പു പ്രഭാഷണം
SECOND A Grade
ഇരിങ്ങാലക്കുട ഉപജില്ല കലോത്സവം
NANDANA
HS സംസ്കൃതം ഉപന്യാസ രചന
A Grade
HENA JAISON
HS സംസ്കൃതം ഗാനാലാപനം
A Grade












ഉപജില്ലാ സംസ്കൃത നാടകത്തിൽ മികച്ച നടിക്കുള്ള പുരസ്ക്കാരം - **എയ്ഞ്ചൽ ജോബി**

# മാറ്റു കുറയാതെ ജനറൽ വിഭാഗം

- ജനറൽ വിഭാഗത്തിൽ ഓവറോൾ ഏഴാം സ്ഥാനം













# വിജയ പൊലിമയിൽ കായിക വിഭാഗം

- സബ് ജില്ലാ സ്പോർട്സ് സബ് ജൂനിയർ Boys and girls Athletics വിഭാഗത്തിൽ ലീഡോടെ ഒന്നാം സ്ഥാനത്ത് തുടരുന്നു
- Under 14 kho Kho ചാമ്പ്യൻഷിപ്പിൽ State girls team-ലേക്ക് Selection




## ദിനാചരണം – വേറിട്ട പ്രവർത്തനങ്ങൾ

- സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ച ഭക്ഷണമായി ബിരിയാണി നൽകി കൊണ്ട് പ്രവേശനോത്സവം.
- പരിസ്ഥിതിദിനത്തിൽ വൃക്ഷമിത്ര തെരുവുനാടകാവതരണം.
- വായന ദിനത്തിൽ സോപാനസംഗീതകലാകാരി കുമാരി ആശ സുരേഷിന്റെ ഇടയ്ക്ക വായനാവതരണം






- ചാന്ദ്രദിനത്തോടനുബന്ധിച്ച് Mobile planetorium പ്രദർശനം.
- ഹിരോഷിമ-നാഗസാക്കി ദിനങ്ങളിൽ യുദ്ധവിരുദ്ധ റാലി.
- അധ്യാപകദിനത്തിൽ കുട്ടി അധ്യാപകരുടെ പ്രവർത്തനങ്ങൾ








- സംസ്കൃത ദിനത്തിൽ നാട്യ കുലപതി കഥകളി ആചാര്യൻ ഡോ. സദനം കൃഷ്ണൻ കുട്ടി ആശാന്റെ Demo class.
- കേരള പിറവി ദിനത്തിൽ പരമ്പരാഗത കലാരൂപങ്ങളുടെ ദൃശ്യാവിഷ്ക്കരണവും റാലിയും
- club inaugration - കലാമണ്ഡലം പ്രസൂൺ അവതരിപ്പിച്ച ഓട്ടൻ തുള്ളൽ, ചണ്ഡാലഭിക്ഷുകി ദൃശ്യാവിഷ്കാരം






# മോട്ടിവേഷൻ - ബോധവത്ക്കരണ ക്ലാസുകൾ

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും പഠന മികവിനും സഹായകമായ മോട്ടിവേഷൻ ക്ലാസ്സുകൾ

എല്ലാ ആഴ്ചകളിലും നടത്തപ്പെടുന്ന മൂല്യ വിദ്യാഭ്യാസം

- ഓരോ കാലത്തിലും ആവശ്യമായ ആരോഗ്യ പരമായ കരുതലുകൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- മക്കളുടെ പഠനകാലയളവിൽ സ്വീകരിക്കേണ്ട നിലപാടുകളെകുറിച്ചുള്ള സെമിനാർ പ്രവർത്തനങ്ങൾ







# പത്രത്താളുകളിലൂടെ



തൃശൂർ ജില്ലാ സ്കൂൾ കലോത്സവത്തിലെ അറബിക് കലോത്സവത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ 65 പോയിന്റോടെ ഓവറോൾ ഒന്നാം സ്ഥാനവും 31 പോയിന്റോടെ യുപി വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും നേടിയ കൽപറമ്പ് ബിവിഎംഎച്ച്എസ് സ്കൂൾ.

- BVMHSS

# BVM ന്റെ സംഘടനാ ശേഷി

BVMന്റെ പൊൻ തൂവലുകളായ SPC, Guides, Little Kites , Junior Red Cross എന്നീ സംഘടനകളുടെ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ






## മികച്ച SSLC Result – നല്ല പ്രവർത്തനങ്ങൾ

- എല്ലാ ദിവസവും 5 മണി വരെ നടത്തുന്ന Special ക്ലാസ്സുകൾ
- ശനിയാഴ്ചകളിൽ നൽകി വരുന്ന Special Coaching
- പിന്നോ ക്കാവസ്ഥയിലുള്ളവർക്കു വേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകൾ , night classകൾ
- ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന കൗൺസലിങ്ങ് സൗകര്യങ്ങൾ
- SSLC വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രത്യേക motivation ക്ലാസ്സുകൾ
- ഭവനസന്ദർശനങ്ങൾ
- BRC ട്രെയ്നറുടെ സഹായത്തോടെ ഭിന്നശേഷി വിദ്യാർത്ഥികൾക്കു നൽകുന്ന പ്രത്യേക കോച്ചിങ്ങുകൾ

## IT lab, Science Lab, Library പ്രവർത്തനങ്ങൾ

കൃത്യമായി സജ്ജീകരിക്കപ്പെട്ട Lab , Library

Lab Activites



Library പ്രവർത്തനങ്ങൾ



# തനതു പ്രവർത്തനങ്ങൾ



## Milma@ school project

## (GOVT)



## Operation black board

**(ഭാഷ , ഗണിതം , അടിസ്ഥാനധാരണ വികാസം)**



# കായികക്ഷമത വർധിപ്പിക്കാൻ ........

- Open അസംബ്ലിയിൽ നടത്തുന്ന Physical training exercises
- മികച്ച ഫുട്ബോൾ പരിശീലനത്തിനായി ക്യാമ്പുകൾ
- ശാരീരിക ഉല്ലാസത്തിനും Physical ട്രെയ്നിങ്ങും നടത്തുന്ന drill പിരിഡുകൾ
- കായികക്ഷമത വർധിപ്പിക്കാൻ ഖൊ-ഖൊ പരിശീലനങ്ങൾ
- മാനസിക വികാസത്തിനുള്ള യോഗ പരിശീലനം





# ദി ബ്ലാക്ക് ഷാഡോ

ടോക്കിയോ നഗരത്തിൽ രണ്ട് പോലീസ് ഉണ്ടായിരുന്നു. അവർ ഒരു കൊലപാതകം കണ്ടുപിടിക്കാൻ നടക്കുകയായിരുന്നു. അവർ കൊലപാതകം നടന്ന സ്ഥലത്ത് ചെന്നപ്പോൾ കണ്ടത് മൃകീയമായി കഴുത്ത് വെട്ടിയ ശരീരം മുഴുവൻ കെമിക്കൽ കൊണ്ട് നിറച്ചു. ശരീരമാകെ ചാരകളർ ആയിരുന്നു. അതു കണ്ട് ജോസഫ് എന്ന് പേരുള്ള ഒരു പോലീസ് അവിടെനിന്ന് വേഗം  ഇറങ്ങിപ്പോയി. തോമസ് എന്നു പേരുള്ള മറ്റൊരു പോലീസ് അയാളുടെ ഇളയ മകനെ വിളിച്ച് കൊലപാതകം നടന്ന സ്ഥലത് എത്തി. അപൊ തന്നെ മകൻ പറഞ്ഞു അത് ഒരു കാർട്ടൂൺ ആയ  " ദി ഇൻക്രഡിബിൾ ഹൾക്ക് "-ലെ വില്ലൻ കഥാപാത്രത്തിൻെറ രൂപമാണ് ഇത്. അതിന് ശേഷം കുറേ ഇതേ പോലത്തെ കൊലപാതകം നടന്നു. പിന്നെ ആ കൊലയാളിയെ കണ്ടുപിടിക്കാൻ പറ്റിയില്ല പക്ഷെ അയ്യാൾ കൊന്നവർ ഒക്കെ കുറ്റവാളികൾ ആയിരുന്നു. ആദ്യം കൊന്നത് ഒരു പയ്യനെ അയിരുന്നു. ആ പയ്യൻ ഒരു പെൺകുട്ടിയെ  മൃഗീയമായി കൊല്ലപ്പെട്ടുത്തി എന്നിട്ട് ആ പയ്യന്റെ പദവിയും പണവുകൊണ്ട് ആ കേസിൽ നിന്ന് ആ പയ്യൻ രക്ഷപ്പെട്ടു. ആ പെൺകുട്ടിയുടെ ചേട്ടൻ ആണ് അവനേയും ബാക്കി മരിച്ചവരെയെല്ലാം കൊലപ്പെടുത്തിയത്. ഈ ഭൂമിയിൽ പണവും പതവിയും ഉള്ളവർക്ക് എന്ത് കുറ്റം ചെയ്താലും ഒരു കോടതിയും നിയമവും അവരെ ഒന്നും ചെയ്യില്ല. അത് കൊണ്ട് പാവപ്പട്ടവർക്ക് നീതി കിട്ടുന്നില്ല. അത് കൊണ്ടാണ് ഞാൻ വലിയ കുറ്റവാളികളെ മാത്രം കണ്ടുപിടിച്ച് കൊന്നത്. പാവപ്പെട്ടവർക്ക് നിതിയും നിയമവും കൂടെ ഇല്ലെങ്കിൽ അതിന് പകരം ദൈവം ഉണ്ട് ദൈവത്തിൻെറയും എൻെറയും വഴി ഒന്നാണ്. ഇതെല്ലാം പറഞ്ഞുകൊണ്ട് അവൻ കുമ്പസാരക്കൂട്ടിൽ നിന്ന് എഴുന്നേറ്റു പോയി.അപ്പോ ഫാദർ പറഞ്ഞു:- " മോനേ നീ ചെയ്തത് ഒരു തെറ്റ് ആണ് പക്ഷെ അതിൽ ഒരു നന്മയും ഉണ്ട്, നീ നന്നായി വരും". എന്നിട്ട് അവൻ ഫാദറിനോട്  ഇനി നമ്മൾ  തമ്മിൽ കാണില്ല എന്നും ഇനി മുതൽ ഇവിടെ ഒരു അക്രമവും ഉണ്ടാകില്ല എന്നും പറഞ്ഞു ഇറങ്ങി പോയി. ഫാദർ പിന്നിൽ നിന്ന് വിളിച്ചു ചോദിച്ചു: "മോൻെറ പേരെന്താണ്?" അവൻ പറഞ്ഞു "ദി ബ്ലാക്ക് ഷാഡോ"......

...THE END...

ലേഖനം

# ശ്രീനാരായണഗുരു

കേരളത്തിന്റെ നവോതഥാനത്തിൽ മുഖ്യ പങ്കുവഹിച്ച മഹാനായ യോഗിയും സാമൂഹ്യ പരിഷ്കർത്താവും കവിയും ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന്റെ സ്ഥാപകനുമാണ് ശ്രീനാരായണഗുരു. ഇദ്ദേഹം മുൻകയ്യെടുത്ത് നടപ്പിലാക്കിയ ചരിത്രപരമയ പരിഷ്കരണ പ്രക്രിയകളാണ് കേരളത്തിൽ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക്
ജനപിന്തുണ നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ഒരു ഘടകം.

നാരായണഗുരു 1856 ആഗസററ് 20-ന് തിരുവനന്തപുരത്തിനടുത്തുള്ള ചെബഴന്തിയിളൽ ജനപിന്തുണ നേടിക്കൊടുക്കുന്നതിൽ ജനിച്ചു. പുരാണപാരായണ തുടർന്ന മലയാളം തമിഴ് ഭാഷകളും കാവ്യ, വ്യാകരണ നാടക അലങ്കാരദികളും അഭ്യസിച്ചു ഉപരിപഠനം ഗുരുകുല സമ്പ്രദായത്തലായിരുന്നു.

പരിഷ്കർത്താക്കളിൽ പ്രഥമഗണനീയനായ ഇദ്ദേഹം ജാതി വ്യവസ്ഥക്കെതിരെ ജീവിതകാലം മുഴുവൻ പൊരുതി. 'ഒരു ജാതി,ഒരു മതം, ഒരു ദൈവം മനുഷ്യന് " എന്ന സന്ദേശം പ്രചരിപ്പിക്കിൻ ശ്രീനാരായണഗുരു അനുയായികൾ പ്രചോദനം നല്കി.

ചിജ്ജഡചിന്തനം ദൈവചിന്തനം വിനായകസ്തവം ഗുഹാഷ്ടകം ഭദ്രകാളൃഷകം കുണ്ഡലിനിപ്പാട്ട്, ബ്രാഹ്മവിദ്യാപഞ്ചകം അദ്വൈദീപിക ആത്മോപദേശശതകം ദൈവദശകം അനുകമ്പാശകം , നിർവൃതിപഞ്ചകം തുങ്ങിയവയാണ് മുഖ്യകൃതികൾ

1928 ജനുവരിയിൽ അസുഖബാധിതനായ നാരായണഗുരു സെപ്റ്റംബർ 20-ന് ഇഹലോകവാസം വെടിഞ്ഞു.

# ജനറൽ നോളേജ്

1) ഏറ്റവും വലിയ ഭൂഖണ്ഡം ഏത് ?
ഉ)ഏഷ്യ
2)ഏറ്റവും ചെറിയ ഭൂഖണ്ഡം ഏത് ?
ഉ)ആസ്ട്രേലിയ
3)ഏറ്റവും വലിയ സമുദ്രം ഏത് ?
ഉ)ശാന്ത സമുദ്രം
4)ഏറ്റവും ചെറിയ സമുദ്രം ഏത് ?
ഉ)ആർട്ടിക്ക് സമുദ്രം
5)ആദ്യത്തെ പത്രം ഏത് ?
ഉ)റിലേഷൻ
6)ആദ്യത്തെ ലിപി ഏത് ?
ഉ)സുമേറിയൻ ലിപി
7)ഏറ്റവും വലിയ മണി ഏത് ?
ഉ)ഗ്രേറ്റ് ബെല്ല്
8)കരയിലെ ഏറ്റവും വലിയ മൃഗം ?
ഉ)ആഫ്രിക്കൻ ആന
9)ഏറ്റവും വേഗതയുള്ള മൃഗം ?
ഉ)ചീറ്റ
10)ഏറ്റവും വലിയ പുഷ്പം?
ഉ) റഫ്ലേഷ്യ

# മഴത്തുള്ളി ഒരു പവിഴമുത്ത്

ചന്നം പിന്നം മഴപെയ്യുന്നു
തവളകൾ ചാടി രസിക്കുന്നു
ഒഴുകിപോകും അരുവിക്കൊപ്പം
പേപ്പർ ബോട്ടുകളൊഴുകുന്നു
മഴയത്തൊന്നു കുളിച്ചിടാം
ചെളിയിൽ തുള്ളിച്ചാടി
പുഴയിൽ വീഴും തുള്ളികളോ
പവിഴം പോലെ തോന്നീടാം
പൂവിതൾ തഴുകും തുള്ളികളോ
വൈരം പോലെ തിളങ്ങുന്നു
മഴത്തീർന്നപ്പോൾ മാനത്ത്
മഴവിൽ ചന്തം കാണുന്നു



## അവർ

രാത്രിയും പകലും അന്നും വഴക്കിട്ടു പിരിഞ്ഞു. പകലിന്റെ മുഖം വല്ലാതെ ചുവന്ന് തുടുത്തു. രാത്രി പൊതുവെ ശാന്ത സ്വഭാവിയായതിനാലാകണം.

വികാരങ്ങളൊന്നും പുറത്ത് കാണിച്ചില്ല. പിറ്റേന്ന് പുലരിയിൽ ഇരുവരും കണ്ടു മുട്ടി. പകലിനെ സ്വപ്നം കണ്ടുറങ്ങിയതിനെ പറ്റി രാത്രിയും.

രാത്രിയെ കാത്തിരുന്നതിനേപ്പറ്റി പകലും വിശേഷങ്ങൾ പങ്കുവെച്ചു.

പക്ഷെ അപ്പോഴും പകൽ അവളുടെ കവിളിൽ വീണ മഞ്ഞുത്തുള്ളിയെ വയ്ക്കാൻ നന്നേ കഷ്ടപ്പെട്ടിരുന്നു.

...THE END...

# കടങ്കഥകൾ

ആയിരം തത്തയ്ക്ക് ഒരു കൊക്ക് = വാഴക്കുല

ഇരുട്ടുപുരയിൽ കുട്ടിയാന = പത്തായം

ഇവിടെ ഞെക്കിയാൽ അവിടെ കത്തും =
ഇലക്ട്രിക് ബൾബ്

ഇരുട്ട് കോരി വെയിലത്തിട്ടു = എള്ള്
ഉണക്കാൻ ഇടുക

ഉടുതുണിയില്ലാത്തോൻ കുടചൂടിനിൽക്കുന്നു =
കൂൺ

ഉണ്ണാത്തമ്മക്ക് പെരുവയറ് =
വൈക്കോൽത്തുറു

ഉണ്ണുനീലിപെണ്ണിന് ഒരിക്കലെ പേറുള്ളൂ =
വാഴ

കറുത്ത പാറയ്ക്ക് വെളുത്തവേര് =
ആനകൊമ്പ്

ചത്താലേ മിണ്ടൂള്ളൂ ചങ്കുച്ചാര് = ശംഖ്

കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം =തേരട്ട

# ഓണം അന്നും ഇന്നും

ഓണം അന്നും ഇന്നും തികച്ചും വ്യത്യസ്ഥമാണ് . ആ കാലകടത്തിലെ ഓണം വളരെ രസകരമായിരുന്നു. ഇന്ന് ഓണം എന്നത് എല്ലാവർക്കും ഒരു ഒഴിവുദിവസം മാത്രമാണ്. അന്ന് എല്ലാവരും ഒത്തൊരുമയൊടുകൂടിയാണ് പൂക്കളമിട്ടിരുന്നത് .ഇപ്പോൾ ചില്ലവിടുകളിൽ മാത്രമാണ് പൂക്കളമിടുന്നത്. പിന്നെ അന്ന് വീട്ടിൽ തന്നെ കൃഷിചെയ്ത പച്ചകറികൊണ്ടാണ് സദ്യ ഉണ്ടാകിയിരുന്നത് .ഇപ്പോൾ സദ്യവരെ കടയിൽ നിന്നാണ് വാങ്ങുന്നത്. ഇന്ന് ശർക്കരവരട്ടിയും ,കായവറുത്തതുമെല്ലാം കടക്കളിൽ കിട്ടുന്ന
"ചിപ്പ്സ് "മാത്രമാണ്. സദ്യ കഴിഞ്ഞുള്ള കളിക്കളായിരുന്നു അന്ന് പ്രാധാന്യം. ഇന്ന് എല്ലാവരും സദ്യകഴിഞ്ഞാൽ ടി.വിയിലോ, ഫോണിലോ ആണ് കൂടുതൽ സമയം ചില്ലവഴിക്കുക.
ഇന്നതുകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും ആയുസ്സ് കുറഞ്ഞുകൊണ്ടിരിക്കുകയാണ് .പിന്നെ അന്ന് ഓണതിന് തിരുവാതിരക്കളിയുണ്ടായിരിന്നു .
എല്ലാവരും കൂടിചേർന്നിരുന്ന് ആ കളി ആസ്വദിക്കുമായിരുന്നു .ഇന്ന് അത് വെറുതെ പെണ്ണുങ്ങൾ സാരിയും മുല്ലപ്പൂവും ചൂടി ഓഡിറ്റോറിയത്തിൽ നിന്ന് വെറുതെയൊരു കളി കളിക്കുന്നതാണ് ഇപ്പോഴതെ ഓണം ...

# ചിന്തിപ്പിക്കുന്ന ചോദ്യോത്തരങ്ങൾ

ആര്യസമാജ സ്ഥാപകൻ ആര്?

സ്വാമിദയാനന്ദ സരസ്വതി

ഇരുണ്ടഭൂഖണ്ഡം എന്നറിയപ്പെടുന്ന വൻകര ഏത്

ആഫ്രിക്ക

ചുവപ്പ് സ്വർണം എന്നറിയപ്പെടുന്ന കാർഷികവിള ഏത്

കുങ്കുമപ്പൂവ്

മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം ഏത് ?

ഓക്സിജൻ

മനഃശാസ്ത്രത്തിന്റെ പിതാവ് ആര് ?

സിഗ്മ് ഫ്രോയിഡ്

ഹമാസ് എവിടത്തെ തീവ്രവാദി സംഘടനയാണ് ?

പാലസ്തീനിലെ

കരിമ്പിന്റെ ജന്മദേശം ?

ഇന്ത്യ

ഏറ്റവും വലിയ ഫലം ?

ചക്ക

ഏറ്റവും വലിയ പുഷ്പം ?

റഫ്ളിഷിയ

മലയാളത്തിലെ ആദ്യനോവൽ ?

കുന്ദലത

മൗര്യവംശസ്ഥപകനാര് ?

ചന്ദ്രഗുപ്തനൻ

ഉറുമ്പിന് എത്ര കാലുകളുണ്ട് ?

ആറ്

കേരളത്തിന്റെ വ്യാപാര

തലസ്ഥാനം ?

കൊച്ചി

കേരളത്തിലെ ഏറ്റവും വലിയ ജില്ല ?

പാലക്കാട്

കേരളത്തിലെ ഏറ്റവും വലിയ കായൽ ?

വേമ്പനാട് കായൽ

കേരളത്തിലെ ഏറ്റവും വലിയ ചുണ്ടൻവള്ളം ?

നടുഭാഗം ചുണ്ടൻ

മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം ?

ചെമ്പ്




Bvmhss kalparamba

PREPARED BY

LITTLE KITES

2023-25 BATCH

# BVMHSS
# KALPARAMBA

# ശുഭം